**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലാ നഗരസഭയ്ക്ക് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിക്കാതെ ശേഷിക്കുന്ന 1.22 കോടി രൂപയും പലിശ ഇനത്തിൽ ആർജ്ജിച്ചിട്ടുള്ള 75 ലക്ഷം രൂപയും ചേർന്ന തുകയിൽ നിന്ന് നഗരസഭാ ജീവനക്കാരുടെ 2020 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളവും പെൻഷനും അനുവദിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1112/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 12/06/2020

---

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 08.06.2020-ലെ ഡി.സി.3-8427/2020 നമ്പർ കത്ത്.
2. പാലാ നഗരസഭ സെക്രട്ടറിയുടെ 10.06.2020-ലെ എ 1-4782/14 നമ്പർ കത്ത്.
3. ശ്രീ.മാണി സി.കാപ്പൻ എം.എൽ.എ. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 10.06.2020-ലെ നിവേദനം.

**ഉത്തരവ്**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിനാൽ നിലവിൽ പാലാ നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നും നഗരസഭാ ജീവനക്കാരുടെ മെയ് മാസത്തെ ശമ്പളവും പെൻഷൻകാരുടെ മെയ് മാസത്തെ 50% പെൻഷനും ജൂൺ മാസത്തെ പെൻഷനും നൽകിയിട്ടില്ലെന്നും നഗരസഭയുടെ തനത് ഫണ്ടിൽ നിലവിൽ 5,28,257/- രൂപ മാത്രമാണ് അവശേഷിക്കുന്നതെന്നും പാലാ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 1 കോടി രൂപയും നഗരസഭാ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നാളിതു വരെ നൽകിയ വകയിൽ 7 കോടിയോളം രൂപയും നഗരസഭയ്ക്ക് ലഭിക്കാനുണ്ടെന്നും പെൻഷൻ ആനുകൂല്യങ്ങൾ ഇനത്തിലുള്ള 40 ലക്ഷം രൂപയും നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ ലേലമുറികൾ തിരികെ വന്ന ഇനത്തിൽ വിവിധ വ്യക്തികൾക്കായി നൽകേണ്ട 1,63,00,000/- രൂപയും നൽകാൻ കഴിയാത്ത സാഹചര്യമാണ് നഗരസഭയിൽ നിലവിലുള്ളതെന്നും ശമ്പളം, പെൻഷൻ തുടങ്ങിയ അടിയന്തിര ചെലവുകൾക്കായി 65 ലക്ഷം രൂപയോളം പ്രതിമാസം ആവശ്യമുണ്ടെന്നും പ്രസ്തുത ഫണ്ട് കണ്ടെത്താൻ നഗരസഭയ്ക്ക് മറ്റ് മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ലെന്നും പാലാ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പാലാ നഗരസഭയ്ക്ക് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിക്കാതെ ശേഷിക്കുന്ന 1.22 കോടി രൂപയും പലിശ ഇനത്തിൽ ആർജ്ജിച്ചിട്ടുള്ള 75 ലക്ഷം രൂപയും ചേർന്ന തുകയിൽ നിന്ന് നഗരസഭാ ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ

അനിവാര്യ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന്, നിലവിലെ സാഹചര്യം മാറി നഗരസഭയുടെ തനത് വരുമാനം മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത തുക തിരികെ നിക്ഷേപിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുമതി നല്കണമെന്ന് പാലാ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന അസാധാരണമായ സ്ഥിതി വിശേഷം കണക്കിലെടുത്തും കോവിഡ്-19 നിർവ്യാപന / പ്രതിരോധ നടപടികൾ, പ്രീ-മൺസൂൺ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തിര പ്രാധാന്യമുള്ള കർത്തവ്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിർവ്വഹിച്ചു വരുന്നതിനാലും പാലാ നഗരസഭയ്ക്ക് മുൻകാലങ്ങളിൽ അനുവദിച്ചിട്ടുള്ള ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിക്കാതെ ശേഷിക്കുന്ന 1.22 കോടി രൂപയും പലിശ ഇനത്തിൽ ആർജ്ജിച്ചിട്ടുള്ള 75 ലക്ഷം രൂപയും ചേർന്ന തുകയിൽ നിന്ന് നഗരസഭാ ജീവനക്കാരുടെ 2020 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളവും പെൻഷനും അനുവദിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഇപ്രകാരം ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് അക്കൗണ്ടുകളിൽ തിരികെ നിക്ഷേപിക്കേണ്ടതാണ്.
ii. അനുവദിച്ച പദ്ധതിയ്ക്കായി 6 മാസത്തിനുള്ളിൽ ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത തുക മാത്രമേ ഇപ്രകാരം വിനിയോഗിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.മാണി സി.കാപ്പൻ, എം.എൽ.എ. (പാല), കാപ്പിൽ ഹൗസ്, മുണ്ടാങ്കൽ പി.ഒ., പാല.
(ആമുഖ് കത്ത് സഹിതം)
ചെയർപേഴ്സൺ, പാലാ നഗരസഭ. (ആമുഖ് കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പാലാ മുനിസിപ്പാലിറ്റി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ജി.എസ്.എസ്.എ) (ഇ.അർ.എസ്.എ.),
കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.